# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5159 — 22/5/2017 -ലെ മറുപടി

## പനക്കച്ചിറ വാട്ടർ സപ്ലൈ സ്കീം നടപ്പാക്കണമെന്ന നിവേദനം

### ചോദ്യം

ശ്രീ. പി.സി.ജോർജ്ജ്

(എ) കുടിവെള്ളക്ഷാമം നേരിടുന്ന പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ കോരുത്തോട്, മുണ്ടക്കയം ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി പനക്കച്ചിറ വാട്ടർ സപ്ലൈ സ്കീം അടിയന്തരമായി നടപ്പാക്കണമെന്ന എം.എൽ.എ യുടെ നിവേദനത്തിന്മേൽ ബഹു.മന്ത്രി ആവശ്യമായ നടപടികൾക്കായി ജലവിഭവ സെക്രട്ടറിയ്ക്ക് 14/02/2017-ൽ 1723/എം (ഡബ്ല്യു.ആർ)വി.ഐ.പി/2017 നമ്പർ പ്രകാരം നൽകിയ കത്തിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ജലവിഭവ സെക്രട്ടറിയുടെ റിപ്പോർട്ട് ലഭ്യമായോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിയ്ക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ?

### മറുപടി

മാത്യു ടി.തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ), (ബി) & (സി) 1723/എം(ഡബ്ല്യു.ആർ)വി.ഐ.പി/2017 നം. കത്തു മുഖേന നിർദ്ദേശം നൽകിയ പ്രകാരം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി കോട്ടയം പ്രോജക്ട് ഡിവിഷനിലേയും പി.ഡബ്ല്യു.ഡി യിലേയും ഉദ്യോഗസ്ഥർ 12/4/2017-ൽ പദ്ധതികളുടെ ജലസ്രോതസ്സ് പരിശോധന നടത്തിയിരുന്നു.ഇതിന്റെ അടിസ്ഥാനത്തിൽ കോരുത്തോടിന് അഴുതയാർ സ്രോതസ്സാക്കി ഒരു പദ്ധതി നടപ്പാക്കുന്നതാണ് ഉചിതം എന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ എരുമേലി പഞ്ചായത്തിനുവേണ്ടിയുള്ള ശുദ്ധജല പദ്ധതിയിൽ നിന്നും അതിന്റെ ശുദ്ധീകരണശാലയുടെ ശേഷി വർദ്ധിപ്പിച്ചു കൊണ്ട് പുതിയ ക്ലിയർ വാട്ടർ മെയിൻ (ഏകദേശം 14 കി.മീ.) സ്ഥാപിച്ചാൽ മുണ്ടക്കയത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കുമെന്നും കണ്ടെത്തുകയുണ്ടായി.

പനക്കച്ചിറ വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുന്നതിന് സ്ഥലപരിശോധന നടത്തി കരടുരൂപം തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

JSK/